ഉത്തരം

(എ&ബി) 1-1-2006 മുതൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വരുന്ന അദ്ധ്യാപകർക്കും, കോളേജ്/യൂണിവേഴ്സിറ്റി അദ്ധ്യാപർക്കും, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വരുന്ന അദ്ധ്യാപകർക്കും ശമ്പള പരിഷ്കരണം നടപ്പാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഓപ്പൺ സർവ്വകലാശാല സ്ഥാപിക്കുന്നതിന് നടപടി

106(795) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഓപ്പൺ സർവ്വകലാശാല സ്ഥാപിക്കുന്നതിന് വേണ്ടി പഠിക്കാൻ നിയോഗിച്ച കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചതെന്നാണെന്ന് അറിയിക്കുമോ ;

(ബി) ഇതുസംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ ;

(സി) ഓപ്പൺ സർവ്വകലാശാല സ്ഥാപിക്കുന്നതു സംബന്ധിച്ച് സർക്കാരിന്റെ നയപരമായ തീരുമാനം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ സർക്കാരിന്റെ കാലത്തുതന്നെ ഓപ്പൺ സർവ്വകലാശാല സ്ഥാപിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 23-3-2008-ന് സമിതിയെ നിയോഗിച്ചു, ആ വർഷാവസാനം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) സ.ഉ. (സാധാ) 718/10/ഉ.വി.വ. തീയതി 6-4-2010 പ്രകാരം ഇന്ത്യൻ പോസ്റ്റൽ സർവ്വീസസിലെ ശ്രീ. സെയ്ദ് റഷീദിനെ കേരള ഓപ്പൺ യൂണിവേഴ്സിറ്റിയുടെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

(സി&ഡി) റിപ്പോർട്ട് സർക്കാരിന്റെ പരിശോധനയിലാണ്.

ലീപ് കേരളാ മിഷൻ പദ്ധതി

107 (798) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തുടർവിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായ ലീപ് കേരളാ മിഷൻ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതിക്കാവശ്യമായ ഫണ്ട് സ്വരൂപിച്ചിരിക്കുന്നത് എപ്രകാരമാണ് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1. അവശേഷിക്കുന്ന നിരക്ഷരത പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യുക.

2. പടിപടിയായി 60 വയസ്സിനു താഴെയുള്ള മുഴുവൻ കേരളീയർക്കും പത്താംതരം വരെ വിദ്യാഭ്യാസ തുല്യത ഉറപ്പാക്കുക.

3. നിരന്തര പഠനത്തിനും തൊഴിൽ നൈപുണ്യവികസനത്തിനും അവസരമൊരുക്കുക.

4. ബോധവത്കരണത്തിലൂടെ പൗര വിദ്യാഭ്യാസ പരിപാടി നടപ്പാക്കുക.

5. 'ഇ'-സാക്ഷരത, ഭാഷാപഠന പരിപാടി, അവഗണിക്കപ്പെടുന്ന വിഭാഗങ്ങൾക്ക് പ്രത്യേക തുല്യതാ പരിപാടി, അനൗപചാരിക വിദ്യാഭ്യാസരംഗത്ത് മാതൃകകൾ സൃഷ്ടിക്കുക ഇവയൊക്കെ പഠന ഗവേഷണ വിഷയമാക്കി മാറ്റുക.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതവും ലീപ് കേരള മിഷന്റെ സ്വയാർജ്ജിത ഫണ്ടും ബഡ്ജറ്റ് വിഹിതവും മുഖേന ഈ പദ്ധതിക്ക് ഫണ്ട് സ്വരൂപിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു.

പഠനം ഉപേക്ഷിക്കേണ്ടി വരുന്ന കുട്ടികൾക്ക് തുടർ വിദ്യാഭ്യാസം നൽകുന്നതിന് ബദൽ സംവിധാനം

108(797) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. എം. മുരളി :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ നിന്നും പലകാരണങ്ങളാൽ ഇടയ്ക്കു വച്ച് പഠനം ഉപേക്ഷിക്കേണ്ടി വരുന്ന കുട്ടികൾക്ക് തുടർവിദ്യാഭ്യാസം നൽകുന്നതിന് എന്തൊക്കെ ബദൽ സംവിധാനങ്ങളാണ് സർക്കാർ നടപ്പിലാക്കിയിരുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ ഇതിനായി എത്ര വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നു ;

(സി) ഇത്തരം വിദ്യാലയങ്ങളുടെ ഭരണ നിർവ്വഹണവും പാഠ്യക്രമീകരണങ്ങളും കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിന് പുതുതായി എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ;

(ഡി) ഇത്തരം ബദൽ സംവിധാനത്തിലൂടെ തുടർവിദ്യാഭ്യാസം നടത്തുന്ന സമർത്ഥരായ വിദ്യാർത്ഥികളെ കണ്ടെത്താനും അവർക്ക് ആവശ്യമായ സൗകര്യങ്ങൾ പ്രദാനം ചെയ്യാനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?